പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 492 19.03.2013 -ൽ മറുപടിക്ക്

പെരിയാട്ടടുക്കത്ത് ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ പെരിയാട്ടടുക്കത്ത് ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ പെരിയാട്ടടുക്കത്ത് ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടില്ല. |
| (ബി) | ഈ ആവശ്യത്തിനായി സ്ഥലം എം.എൽ.എ നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | ബഹു. എം.എൽ.എ യുടെ കത്തിലെ ആവശ്യത്തിന്മേൽ സാധ്യതാപഠനം നടത്തുകയുണ്ടായി. ഇപ്പോൾ തന്നെ ഈ ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് 34 സ്റ്റോപ്പുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇനിയും പുതിയ സ്റ്റോപ്പുകൾ അനുവദിക്കണമെന്ന ആവശ്യം വിവിധ കേന്ദ്രങ്ങളിൽ നിന്നും ഉയർന്ന് വരികയാണ്. കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത് മൂലം ഈ സർവ്വീസുകളുടെ വിശ്വാസ്യത നഷ്ടപ്പെടുവാനും അതോടൊപ്പം ദീർഘദൂര യാത്രക്കാർ ഒഴിവാകുവാനും സാധ്യത യുണ്ട്. മാത്രവുമല്ല പെരിയാട്ടടുക്കം സ്റ്റോപ്പിന് സമീപത്തായി സർക്കാർ ഓഫീസുകളോ, വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നും തന്നെയില്ല. ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള പ്രാധാന്യം ഈ സ്ഥലത്തിന് ഇല്ലാത്തതിനാൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ